വെള്ളം കടന്ന് വിളവിലേക്ക്

Madhyamam ; 28-08-2019

# കൃഷിയിടങ്ങൾ വിദഗ്ധസംഘം സന്ദർശിച്ചു

## ● സി.പി.സി.ആർ.ഐയിലെ ശാസ്ത്രജ്ഞർ, കാർഷിക കോളജിലെ കൃഷിശാസ്ത്രജ്ഞർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരാണ് നീലേശ്വരത്തെത്തിയത്



*വെള്ളപ്പൊക്കത്തിൽ നശിച്ച കൃഷിയിടങ്ങൾ കാർഷിക വിദഗ്ധർ സന്ദർശിക്കുന്നു*

**നീലേശ്വരം:** വെള്ളം കടന്ന് വിളവിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി വിദഗ്ധ സംഘം നീലേശ്വരം സന്ദർശിച്ചു. നഗരസഭയിലെ വെള്ളപ്പൊക്കക്കെടുതിയിൽ നശിച്ചുപോയ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും അനുയോജ്യമായ പുതിയ കാർഷിക വിളവുകൾ നടപ്പാക്കുന്നതിനും നീലേശ്വരം നഗരസഭ 'വെള്ളം കടന്ന് വിളവിലേക്ക്' എന്ന പുതിയ കാർഷിക പദ്ധതിക്ക് രൂപം നൽകിയതിന്റെ ഭാഗമായാണ് കാർഷിക വിദഗ്ധരുടെ ഉന്നതസംഘം നീലേശ്വരത്തെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചത്. മഴക്കെടുതി മൂലം നാശം സംഭവിച്ച പ്രദേശങ്ങളിലെ നഷ്ടപ്പെട്ടുപോയ മണ്ണിന്റെ ഫലഭൂയിഷ്ഠത തിരിച്ചുകൊണ്ടുവരാനുള്ള കർമപദ്ധതിയോടൊപ്പം ഊർജിത കൃഷിസംരംഭങ്ങളുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി കാസർകോട് സി.പി.സി.ആർ.ഐയിലെ ശാസ്ത്രജ്ഞന്മാരുടെ വിദഗ്ധ സംഘവും പടന്നക്കാട് കാർഷിക കോളജിലെ കൃഷിശാസ്ത്രജ്ഞന്മാരും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരും ചൊവ്വാഴ്ച നീലേശ്വരത്തെത്തി. നീലേശ്വരം നഗരസഭയിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങൾ സംഘം സന്ദർശിച്ച് കൃഷിഭൂമിക്ക് സംഭവിച്ച രാസപരിണാമത്തെ സംബന്ധിച്ച് സാമ്പിളുകൾ ശേഖരിച്ച് ഇവ ശാസ്ത്രീയമായ രാസപ്രക്രിയക്ക് വിധേയമാക്കും. ഉചിതമായ കാർഷികവിളവുകൾ ഏതെന്ന് തുടർന്ന് ശിപാർശചെയ്യും. കാസർകോട് സി.പി.സി.ആർ.ഐ സോഷ്യൽ സയൻസ് വിഭാഗം മേധാവി ഡോ. കെ. മുരളീധരൻ, വിള ഉൽപാദന മേധാവി ഡോ. കെ. രവിഭട്ട്, പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. എ.സി. മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള ശാസ്ത്രജ്ഞരും പടന്നക്കാട് കാർഷിക കോളജ് സോയിൽ സയൻസ് വിഭാഗം അധ്യാപകൻ ഡോ. പി. നിതീഷ്, കൃഷി ഓഫിസർമാർ എന്നിവരടങ്ങിയ സംഘം വെള്ളപ്പൊക്കം നടന്ന സ്ഥലം സന്ദർശിച്ചു. നഗരസഭ ചെയർമാൻ പ്രഫ. കെ.പി. ജയരാജൻ, വൈസ് ചെയർപേഴ്സൻ വി. ഗൗരി, സ്ഥിരം സമിതി അധ്യക്ഷന്മാരായ ടി. കുഞ്ഞിക്കണ്ണൻ, പി.പി. മുഹമ്മദ് റാഫി, കൗൺസിലർമാരായ കെ.വി. സുധാകരൻ, പി. മനോഹരൻ, പി. ഭാർഗവി, കെ.പി. കരുണാകരൻ, എം.വി. വനജ, സി.സി. കുഞ്ഞിക്കണ്ണൻ, കെ.വി. ഉഷ എന്നിവർ ഉന്നതതല സംഘത്തോടൊപ്പം ഉണ്ടായിരുന്നു.